II ഇ.ബി. XIII- കേരള നിയമസഭ/XI-2

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

ചോദ്യോത്തരങ്ങൾ- സംഗ്രഹം

2014 ജൂൺ 10, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു)

3(*31) വൈദ്യുത പദ്ധതികൾ

ഊർജ്ജവകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റാന്നി-പെരുനാട് (4 മെഗാവാട്ട്), പീച്ചി (1.25 മെഗാവാട്ട്) എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്തിട്ടുണ്ടെന്നും പ്രസ്തുത പദ്ധതികളിൽ നിന്നും 04-06-2014 വരെ യഥാക്രമം 16.618 ദശലക്ഷം യൂണിറ്റും 3.686 ദശലക്ഷം യൂണിറ്റും വീതം വൈദ്യുതി ഉത്പാദിപ്പിച്ചിട്ടുണ്ടെന്നും സ്വകാര്യ സംരംഭക പദ്ധതികളായ കാരിക്കയം, ഇരുട്ടുക്കാനം സ്റ്റേജ്-2, മാങ്കുളം എന്നിവ പൂർത്തിയാക്കി 29.98 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. . പെരിങ്ങൽക്കൂത്ത് ജലവൈദ്യുത പദ്ധതിയുടെ നവീകരണത്തിനും ശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ

പുരോഗമിച്ചുവരുന്നു. പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ 3 മെഗാവാട്ടിന്റെ മീൻവല്ലം ചെറുകിട ജലവൈദ്യുത പദ്ധതി 2014–15–ലും സ്വതന്ത്ര ഊർജ്ജ പദ്ധതിയായ കാരിക്കയം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ രണ്ടാം ഘട്ടം ആറുമാസത്തിനുള്ളിലും പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂതത്താൻകെട്ട്, അപ്പർ ചെങ്കുളം എന്നീ പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. വെസ്റ്റേൺ കല്ലാർ, മരിപ്പുഴ, വാലന്തോട്, മാർമല എന്നീ പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കി അപ്രൂവൽ കമ്മിറ്റിക്ക് സമർപ്പിക്കുകയും കമ്മിറ്റിയുടെ നിർദ്ദേശാനുസൃതമുള്ള ഭേദഗതികൾ പരിശോധിച്ച് ഡി.പി.ആർ. പരിഷ്കരണ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. മത്സര ദർഘാസ് നടപടികൾ പൂർത്തിയാക്കിയ 110.5 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കാവുന്ന 25 ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യമേഖലയിലൂടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന 13 പദ്ധതികളിൽ പള്ളിവാസൽ എക്സ്റ്റെൻഷൻ പദ്ധതിക്ക് പവർ ഫിനാൻസ് കോർപ്പറേഷനിൽനിന്നും വായ്പ ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ കെ.എസ്.ഇ.ബിയുടെ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടന്നുവരുന്ന മറ്റ് പദ്ധതികൾക്ക് പി.എഫ്.സി., ആർ.ഇ.സി., കാനറ ബാങ്ക് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടംകുളം വൈദ്യുത നിലയത്തിൽനിന്നും വൈദ്യുതി എത്തിക്കുന്നതിനായി ഉയർന്ന നഷ്ടപരിഹാരത്തുക നൽകി തടസ്സങ്ങൾ നീക്കം ചെയ്യുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നതാണ്. നോൺ കൺവെൻഷണൽ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് എൻ.എച്ച്.പി.സി.യുമായി എഗ്രിമെന്റ് ഒപ്പുവയ്ക്കുകയും മൈക്രോ പ്രോജക്ടുകൾ നടപ്പാക്കുന്നതിനുള്ള നട

പടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കായംകുളത്ത് നിലവിലുള്ള 359 മെഗാവാട്ട് പദ്ധതിയും ബ്രഹ്മപുരം പദ്ധതിയും എൽ.എൻ.ജി.യായി കൺവെർട്ട് ചെയ്യാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ ബ്രഹ്മപുരത്ത് 400 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള പദ്ധതി കെ.എസ്.ഇ.ബി. നേരിട്ട് നടപ്പാക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ടെന്നും മാലിന്യത്തിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് വ്യവസായം, നഗര വികസനം എന്നീ വകുപ്പുകളുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണെന്നും കേന്ദ്ര-സംസ്ഥാന സഹായത്തോടെ വീടുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്ന പദ്ധതിയുമായി സർക്കാർ മുന്നോട്ടുപോകുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

4(*32) <u>സാമ്പത്തിക ഉത്തരവാദിത്ത നിയമം</u>

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവവകുപ്പുമന്ത്രി (ശ്രീ. പി.ജെ.ജോസഫ്) നൽകിയ മറുപടിയിൽ, ധന സംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) നിയമം 2011-ൽ ലക്ഷ്യമിട്ടതു പോലെ റവന്യൂ കമ്മി ക്രമാനുഗതമായി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടില്ലെങ്കിലും സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യതയുടെ കാര്യത്തിൽ 2011-12, 2012-13, 2013-14 വർഷങ്ങളിൽ ലക്ഷ്യം നേടാൻ സാധിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സംസ്ഥാനത്ത് അധിക വരുമാനം കണ്ടെത്തുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ചെയർമാനും ചീഫ് സെക്രട്ടറി കൺവീനറുമായി നിയമിച്ചിട്ടുള്ള സമിതിയുടെ ശുപാർശകൾ ലഭിക്കുന്ന

മുറയ്ക്ക് ആവശ്യമായ തീരുമാനം എടുക്കുന്നതാണ്. അധിക വരുമാന ആസ്തികൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ കഴിഞ്ഞ വർഷം കൊച്ചി മെട്രോ, ഹൈസ്പീഡ് റെയിൽ കോറിഡോർ, തിരുവനന്തപുരം-കോഴിക്കോട് മോണോറെയിൽ പ്രോജക്ട്, കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം തുറമുഖം, മൊബിലിറ്റി ഹബ്, 35-ാം ദേശീയ ഗെയിംസ്, തലസ്ഥാന നഗര വികസന പദ്ധതി, കൊച്ചി-പാലക്കാട് നാഷണൽ ഇൻവെസ്റ്റ്മെന്റ് ആന്റ് മാനുഫാക്ചറിംഗ് സോൺ, പെട്രോളിയവും കെമിക്കൽസും പെട്രോകെമിക്കൽ ഇൻവെസ്റ്റ്മെന്റ് മേഖലയും എന്നീ വൻകിട പദ്ധതികൾക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. പ്രാഥമിക ദശയിലായ ഈ പദ്ധതികളുടെ പ്രവർത്തനങ്ങൾക്കായി 2013-14 സാമ്പത്തിക വർഷം 846 കോടി രൂപ വകയിരുത്തിയതിൽ 362.03 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇവ പ്രവർത്തനക്ഷമമാകുന്നതോടുകൂടി ഇതിൽ നിന്നുള്ള അധിക വരുമാനം സംസ്ഥാനത്തിന് ലഭിച്ചുതുടങ്ങും. കൂടാതെ അധിക വരുമാനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി നികുതി-നികുതിയേതര നിരക്കുകൾ വർദ്ധിപ്പിക്കുന്നതിന് വിവിധ വകുപ്പുകൾക്ക് നൽകിയ നിർദ്ദേശപ്രകാരം 2013-14 സാമ്പത്തിക വർഷത്തിൽ റവന്യൂ, പൊതുവിദ്യാഭ്യാസം, മത്സ്യബന്ധനം-തുറമുഖം, ഊർജ്ജം, ധനകാര്യം, ആഭ്യന്തരം, ജലവിഭവം, പൊതുമരാമത്ത്, തൊഴിൽ, സഹകരണം, സാംസ്കാരികം, ഉന്നതവിദ്യാഭ്യാസം, ഭക്ഷ്യ-സിവിൽ സപ്ലൈസ് എന്നീ വകുപ്പുകളിലെ വിവിധ നികുതിയേതര നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വരുമാനത്തിൽ വന്നിട്ടുള്ള കുറവ് പരിഹരിച്ച് പ്രത്യേക ആനുകൂല്യങ്ങൾ നൽകണമെന്ന് 13-ാം ധനകാര്യ കമ്മീഷനോട് ആവശ്യപ്പെടുന്നതാണെന്നും ധനഉത്തരവാദിത്ത നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന നയം പുന:പരിശോധിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക്

മറുപടിയായി മന്ത്രി അറിയിച്ചു. സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് ജീവനക്കാർക്ക് വി.ആർ.എസ്. നൽകുന്ന കാര്യം ആലോചിച്ചിട്ടില്ലെന്നും ഈ ഗവൺമെന്റ് വന്നശേഷം ഇതുവരെയായി 97,000 പേർക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ടെന്നും ഒരു ഉപചോദ്യത്തിൽ ഇടപെട്ടുകൊണ്ട് മുഖ്യമന്ത്രി സഭയെ അറിയിച്ചു.

5(* 33) വൈദ്യുതി നിരക്കു വർദ്ധനവ്

ഊർജ്ജവകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) നൽകിയ മറുപടിയിൽ, വൈദ്യുതി നിരക്കുകൾ പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന് ശുപാർശ നൽകിയിട്ടുണ്ടെന്നും കെ.എസ്.ഇ.ബി.യുടെ ഏ.ആർ.ആർ. & ഇ.ആർ.സി. പ്രകാരം 2014–15 സാമ്പത്തിക വർഷത്തേയ്ക്ക് പ്രതീക്ഷിക്കുന്ന വാർഷിക റവന്യു ചെലവും വരവും തമ്മിലുള്ള അന്തരം 2931.21 കോടി രൂപയാണെന്നും ഇതിൽ 1423.63 കോടി രൂപ നിരക്ക് വർദ്ധനവിലൂടെ കണ്ടെത്താനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്നും സഭയെ അറിയിച്ചു. എൽ.എൻ.ജി.–യുടേയും എൻ.ടി.പി.സി.–യുടെയും നിരക്കുകൾ ക്ലബ്ബ് ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതും എൽ.എൻ.ജി.യുടെ വാറ്റ് നിരക്ക് അഞ്ച് ശതമാനമായി കുറയ്ക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നതുമാണ്. 30–09–2014–ന് മുമ്പ് അപേക്ഷ നൽകിയ ബി.പി.എൽ. കുടുംബങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുമെന്ന കാര്യം ഉറപ്പുവരുത്തുന്നതാണെന്നും ഇതിനായി ചെലവഴിക്കുന്ന എം.എൽ.എ. ഫണ്ടിൽനിന്നും വൈദ്യുതി വകുപ്പ് സർവ്വീസ് ചാർജ്ജ് ഈടാക്കുന്നത് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാ

ണെന്നും പഴശ്ശി പവർ പ്രോജക്ട് കമ്മീഷൻ ചെയ്യാനുള്ള നടപടികൾ സ്വീക രിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

6(*34) സന്നദ്ധസംഘടനകളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഭവന നിർമ്മാണ പദ്ധതി

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവവകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സന്നദ്ധസംഘടനകളെ പങ്കെ ടുപ്പിച്ചുകൊണ്ട് ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കിവരുന്ന ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം 31–05–2014 വരെ 477 സംഘടനകൾ അപേക്ഷ നൽകിയിട്ടുണ്ടെന്നും ഈ തീയതി വരെ 238 പേർക്ക് ഒന്നാം ഗഡുവും 72 പേർക്ക് രണ്ടാം ഗഡുവും 28 പേർക്ക് മൂന്നാം ഗഡുവും ഒരാൾക്ക് നാലാം ഗഡുവും നൽകിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സ്പോൺസറും ഗുണഭോക്താവും ചേർന്ന് ബോർഡിൽ നിക്ഷേപിക്കുന്ന ഓരോ ലക്ഷം രൂപയ്ക്ക് പുറമെ സർക്കാർ സബ്സിഡിയായ രണ്ട് ലക്ഷം രൂപ ഉൾപ്പെടെ നാല് ലക്ഷം രൂപ ഗുണഭോക്താവിന് ലഭിക്കുന്ന പദ്ധതിക്ക് 2013–14–ൽ 10.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 15,009 വീടുകൾക്ക് സ്പോൺസറിംഗ് ലഭിച്ചിട്ടുണ്ടെന്നും 525 വീടുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും കൂടുതൽ തുക സർക്കാർ അടയ്ക്കുന്നത നുസരിച്ച് പ്രസ്തുത പദ്ധതിയുമായി മുന്നോട്ടുപോകുന്നതാണെന്നും ഉപ ചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 336 മുതൽ 641 വരെയുള്ള ചോദ്യങ്ങളിൽ 160 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രി മാർ രേഖാമൂലം മറുപടി നൽകി)